# ഗവ: എൽ. പി. സ്കൂൾ
# കാഞ്ഞിരമറ്റം
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# ആമുഖം

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ പഞ്ചായത്തിലെ 15 -ാം വാർഡിലെ ചരിത്രപ്രസിദ്ധമായ കാഞ്ഞിരമറ്റം മുസ്ലിം പള്ളിയുടെ സമീപത്ത് സ്ഥിതിചെയ്യുന്ന ഗവ: എൽ.പി. സ്കൂൾ സ്ഥാപിതമായിട്ട് 100 വർഷം പിന്നിട്ടിരിക്കുന്നു. 28 സെന്റ് സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന 3 കെട്ടിടങ്ങളിലെ 6 മുറികളിലായി പ്രീപ്രൈമറി ഉൾപ്പെടെ ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെ 141 ഓളം കുട്ടികൾ പഠിക്കുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന സത്യം ഉൾക്കൊണ്ടുകൊണ്ട് അദ്ധ്യാപകരും രക്ഷിതാക്കളും ഒരുമിച്ച് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുന്നു. ഭൗതികവും അക്കാദമികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എസ്. എസ്. എ.യും തദ്ദേശസ്വയം ഭരണസ്ഥാപനവും നമ്മുടെ ഈ സ്കൂളിന് വേണ്ട സഹായസഹകരണങ്ങൾ നൽകിവരുന്നു.

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ഗവ: എൽ.പി. സ്കൂൾ കാഞ്ഞിരമറ്റം |
| ഫോൺ നമ്പർ | |
| സ്കൂൾ കോഡ് | 26403 |
| വിദ്യാഭ്യാസ ഉപജില്ല | തൃപ്പൂണിത്തുറ |
| റവന്യൂ ജില്ല | എറണാകുളം |
| ബി.ആർ.സി | തൃപ്പൂണിത്തുറ |
| ഗ്രാമപഞ്ചായത്ത് | ആമ്പല്ലൂർ |
| ബ്ലോക്ക്പഞ്ചായത്ത് | മുളന്തുരുത്തി |
| ജില്ലാ പഞ്ചായത്ത് | എറണാകുളം |
| നിയമസഭാമണ്ഡലം | പിറവം |
| താലൂക്ക് | കണയന്നൂർ |
| വില്ലേജ് | ആമ്പല്ലൂർ |
| ഹെഡ്മിസ്ട്രസിന്റെ പേര് | ജയകുമാരി P |
| ഫോൺ നമ്പർ | 9495259964 |
| സ്കൂളിന്റെ ഇ മെയിൽ | glpskanjiramattom@gmail.com |

# സ്കൂളിന്റെ ചരിത്രം

1920 ൽ കാഞ്ഞിരമറ്റം ഗവ: ലോവർ പ്രൈമറി വിദ്യാലയം ആരംഭിച്ചു. ആമ്പല്ലൂർ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചരിത്രപ്രസിദ്ധമായ കാഞ്ഞിരമറ്റം മുസ്ലീം പള്ളിയുടെ സമീപത്തായിട്ടാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. ഒരുകാലത്ത് അറുന്നൂറോളം വിദ്യാർത്ഥികൾ പഠിച്ചിരുന്നു. 1987 ൽ പ്രീപ്രൈമറി ക്ലാസ്സുകൾ ഈ വിദ്യാലയത്തിൽ ആരംഭിച്ചു. സി.ബി.എസ്.ഇ. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അധികരിച്ചതോടെ കുട്ടികളുടെ എണ്ണം ഗണ്യമായി കുറയാൻ ഇടങ്ങി. അധ്യാപകരുടേയും രക്ഷകർത്താക്കളുടേയും കഠിന പ്രയത്നത്തിലൂടെ അക്കാദമിക ഭൗതികനിലവാരം മെച്ചപ്പെട്ടു. ഇപ്പോൾ പ്രീപ്രൈമറിമുതൽ നാലാം ക്ലാസ്സ് വരെ ഏകദേശം — 111 വിദ്യാർത്ഥികൾ പഠിക്കുന്നു. തൃപ്പൂണിത്തുറ ഉപജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ഗവ:ലോവർ പ്രൈമറി സ്കൂളാണ് ഈ വിദ്യാലയം എന്നത് അഭിമാനാർഹമാണ്.

# ലക്ഷ്യങ്ങൾ

- മതനിരപേക്ഷ, ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗോരിണ അന്തരീക്ഷത്തിൽ എല്ലാവിഭാഗം കുട്ടികൾക്കും സൗജന്യമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- പ്രീപ്രൈമറി മുതൽ നാലാം ക്ലാസ്സ് വരെ ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തലും.
- അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എല്ലാ ക്ലാസ്സുകളിലും എല്ലാ പഠനലക്ഷ്യങ്ങളും ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക

# നേട്ടങ്ങൾ - 2024 - 25

പൊതുവിദ്യാഭ്യാസവകുപ്പ് നടത്തുന്ന എൽ.എസ്.എസ് പരീക്ഷയിൽ തുടർച്ചയായി ഈ സ്കൂളിലെ കുട്ടികളും മികച്ച വിജയം കൈവരിച്ചു വരുന്നു. 2024 - 25 അധ്യയനവർഷത്തിൽ തൃച്ചൂ-ണിത്തുറ സബ്ജില്ല അറബിക് കലോത്സവത്തിൽ തുടർച്ചയായി എൽ.പി. വിഭാഗം ഒന്നാം സ്ഥാനം കരസ്ഥമാക്കി. കായികമേളകളിലും പ്രവൃത്തി-പരിചയമേളകളിലും മികച്ച വിജയം കരസ്ഥമാക്കി.

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| Standard | Boys | Girls | Total |
|---|---|---|---|
| LKG | 8 | 8 | 16 |
| UKG | 5 | 10 | 15 |
| STD-I | 2 | 10 | 12 |
| STD-II | 16 | 7 | 23 |
| STD-III | 13 | 5 | 18 |
| STD-IV | 12 | 15 | 17 |
| Total | 56 | 55 | 111 |

# അക്കാദമിക പ്രവർത്തനങ്ങൾ

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

ആമുഖം: മാതൃഭാഷയ്ക്ക് രണ്ടാം സ്ഥാനം നൽകുന്ന ഒരു തലമുറയ്ക്ക് പകരം മാതാവിന്റെ സ്ഥാനം നൽകുന്ന ഒരു അവസ്ഥയ്ക്കാണ് രൂപം നൽകേണ്ടത്. അതിന് അവരെ ആദ്യം ഭാഷയെ സ്നേഹിക്കാനാണ് പഠിപ്പിക്കേണ്ടത്. അതിന് ചെറിയ ചെറിയ പുസ്തകങ്ങളെ ആദ്യം കൂട്ടുപിടിക്കാം. വരച്ചും നിറം നൽകിയും അവർ വായനയുടെ ലോകത്തേക്ക് എത്തുമ്പോൾ ഭാഷ ഒരു ആവേശമായി മാറും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും മലയാളം ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനത്തിലെ കണ്ടെത്തൽ - പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | ക്ലാസ് അധ്യാപകർ | |
| മലയാളത്തിളക്കത്തിലെ പ്രവർത്തനങ്ങൾ അവലംബം | മലയാളത്തിളക്കത്തിലെ പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കുട്ടികളെ രണ്ട് ഗ്രൂപ്പായി തിരിച്ച് ചെയ്യുന്നു. | ജൂൺ മുതൽ ജൂലൈ വരെ | ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സ്കൂൾ അസംബ്ലികൾ നടത്തുകയും കുട്ടികളുടെ അവതരണത്തിനു കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പത്രവായനക്കും അവസരം നൽകുന്നു. കുട്ടികൾ സ്വയം അസംബ്ലി നടത്തുന്നു. ഓരോ ക്ലാസ്സിനും ഓരോ ദിവസവും അസംബ്ലി നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | രണ്ട്, മൂന്ന്, നാല് കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പുകൾ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഒന്നാം ക്ലാസ്സിലെ കുട്ടികൾ പദങ്ങൾ വാക്യങ്ങൾ നിർമ്മിക്കുന്നു. അവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | പ്രതിഭാസംഗമം<br>ആഴ്ചയിലൊരിക്കൽ സർഗവേദികൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ കഴിവുകൾ എന്ത് തന്നെയായാലും ഈ വേദിയിൽ അവർക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | കുട്ടികൾ പത്രവായനയിൽ നിന്ന് കണ്ടെത്തിയ ചോദ്യങ്ങൾ ഉൾപ്പെടുത്തി ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഇത് മാസത്തിൽ ഒരു തവണ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ആവശ്യം : ഗണിതം ചില കുട്ടികളെ സംബന്ധിച്ച് കാഠിന്യമേറിയ ഒരു വിഷയമാണ്. എന്നാൽ ചെറുപ്പത്തിലെ തന്നെ ഗണിതത്തിലെ അടിസ്ഥാനം ലഭിച്ചുകഴിഞ്ഞാൽ ഗണിതം എളുപ്പവും രസകരവുമായിത്തീരാം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | ഒരു ക്ലാസ്സ് മുറി ഗണിതലാബായി സജ്ജീകരിക്കുക. ഗണിത ക്ലബ്ബ് നടത്തുക | ആവശ്യാനുസരണം | ഗണിതക്ലബ്ബ് S.R.G | |
| എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട കഴിവ് നേടുന്നതിന് പ്രായോഗിക പ്രക്രിയാശേഷി വർധിപ്പിക്കുന്നതിന് | പഠനനിലവാരം കണ്ടെത്തുന്നതിന് പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ രണ്ടാം വാരം | അധ്യാപകർ | |
| | പ്രശ്നപരിഹരണത്തിനുള്ള പ്രാപ്തി നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | ചതുഷ്ക്രിയകൾക്കാവശ്യമായ പട്ടിക രൂപീകരണം, ചെറിയ ഉപകരണങ്ങളുടെ നിർമാണം ചെറിയ ഗണിത പസിലുകൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഇന്നത്തെ താരം<br>ഓരോ ദിവസത്തെയും പത്രത്തിലെ വാർത്തകളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ എഴുതിയിടുന്നു. കുട്ടികൾ പത്രം വായിച്ച് ഉത്തരം കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച്‌വരെ | അധ്യാപകർ | |
| | വായിക്കാം<br>വായനാപരിപോഷണത്തിന്റെ ഭാഗമായി വായനാദിനത്തോടനുബന്ധിച്ച് ലൈബ്രറിവിപുലീകരണം, പുസ്തകവിതരണം, പുസ്തക തൊട്ടിൽ, അമ്മ വായന എന്നിവ ഒരു ലൈബ്രേറിയന്റെ ചുമതലയിൽ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | എഴുതാം<br>ഞങ്ങളുടെ എഴുത്ത്<br>വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഭാഗമായി കുട്ടികൾക്ക് സർഗാത്മക രചനകളുടെ അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | പഠനമേഖലയെ ആസ്പദമാക്കിയുള്ള ലഘുപരീക്ഷണങ്ങൾ നടത്തുന്നു. അതിൽ കുട്ടികളേയും പങ്കാളികളാക്കുക. | ജൂൺ മുതൽ | അധ്യാപകർ | |
| | പഠനയാത്രകൾ ക്രമീകരിക്കുക. സയൻസ് ലാബ് ഒരുക്കുക. സയൻസ് ക്വിസ് നടത്തുക. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | പരിസര പഠനവും ദിനാചരണങ്ങളുമായി ബന്ധിപ്പിക്കുക. ശാസ്ത്രമേളക്കുള്ള ഒരുക്കങ്ങളും തെരഞ്ഞെടുക്കലുകളും നടത്തുക. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ്

ആമുഖം: മാതൃഭാഷയേക്കാൾ പ്രാധാന്യം ഇംഗ്ലീഷ് ഭാഷയ്ക്ക് നൽകണമെന്ന് ആഗ്രഹിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. നമുക്ക് അത് കണ്ടില്ലെന്ന് നടിക്കാൻ സാധിക്കില്ല. മാതൃഭാഷയ്ക്ക് നൽകുന്ന പ്രാധാന്യം ഇംഗ്ലീഷ് ഭാഷയ്ക്കും നൽകുക എന്നതാണ് പൊതുവിദ്യാഭ്യാസമേഖലയുടെ ഉണർവിന് ആവശ്യമായ ഒരു പ്രധാന ഘടകം. അതിനാൽ ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനിലവാരം കണ്ടെത്തുന്നതിന് പ്രീടെസ്റ്റ് നടത്തി വിടവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | കുട്ടികളുടെ പരിമിതികളനുസരിച്ച് പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. സങ്കലന, ഗുണന പട്ടിക ഉറപ്പിക്കുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | ഗണിത മേഖലയെ നിത്യജീവിതവുമായി ബന്ധിപ്പിക്കുന്ന ഗണിതക്കളികളും പസിലുകളും തയാറാക്കുന്നു. ഗണിതക്വിസ് നടത്തുന്നു. | | | |

മേഖല : അക്കാദമികം

ഉപമേഖല : പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| ശാസ്ത്രബോധവും പ്രകൃതിസ്നേഹവും പ്രകൃതിസംരക്ഷണമെന്ന മനോഭാവവും ഗവേഷണാഭിരുചിയുമുള്ള കുട്ടികളെ വാർത്തെടുക്കുക. | പ്രീടെസ്റ്റ് നടത്തി പഠനത്തിലെ മികവുകളും പോരായ്മകളും മനസ്സിലാക്കി ഓരോരുത്തരുടേയും പഠന നിലവാരം വിലയിരുത്തുന്നു. | ജൂൺ | അധ്യാപകർ | |
| ശാസ്ത്രത്തിന്റെ രീതി ബോധ്യമാക്കി കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക. | പ്രകൃതിയെ അടുത്തറിയാനും സംരക്ഷിക്കുവാനും ഉള്ള മനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്യുക. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല : അറബിക്

ആമുഖം : അന്തർദേശീയരംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ വിദ്യാലയങ്ങളിൽ മറ്റ് വിഷയങ്ങൾക്കൊപ്പം ഇഴചേർന്ന് അറബി ഭാഷാ അധ്യയനവും പോകുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരൂപങ്ങളിലെ വിത്യാസങ്ങൾ എന്നിവ മനസിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജിക്കുന്നു. | അക്ഷരങ്ങളുടെ രൂപവിന്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ടുവരുന്നു. അക്ഷരകാർഡുകൾ, ICT ഉപയോഗിച്ചുള്ള ഗയിമുകൾ തുടങ്ങിയവയും ഉപയോഗിക്കും. | ജൂൺ മുതൽ | അധ്യാപകർ | |
| അറബിഭാഷാ ശേഷിവർധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദങ്ങൾ പരിചയപ്പെടൽ, പാഠപുസ്തകങ്ങളിലുള്ള വാക്കുകൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാരവാക്കുകൾ തുടങ്ങിയവ മനസിലാക്കുക. | പാഠപുസ്തകങ്ങളിൽ നിന്നും മറ്റുപുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| അറബിഭാഷാ വിനിമയശേഷി വർധിപ്പിക്കൽ | അറബികലോത്സവത്തിലെ അറബിഭാഷയുമായി നേർക്കുനേരെ ബന്ധമുള്ള പദനിർമാണ അറബിപ്രസംഗം തുടങ്ങിയ മത്സരപരിശീലനത്തിലൂടെയുള്ള പ്രവർത്തനം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തയാറാക്കൽ | ജൂൺ മുതൽ | അധ്യാപകർ | |
| | ഇംഗ്ലീഷ് ക്ലാസ്സുകളിൽ ഇംഗ്ലീഷിൽ സംസാരിക്കാനുള്ള അവസരം ഒരുക്കുന്നു. ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. | ജൂൺ മുതൽ | അധ്യാപകർ | |
| | ICT ഉപയോഗിച്ച് ചെറിയ കഥകളും കവിതകളും മനസ്സിലാക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | ഇംഗ്ലീഷ് കേൾക്കുവാനുള്ള ധാരാളം അവസരങ്ങൾ ഒരുക്കുന്നു. ചെറിയ കഥകൾ, റൈംസ് തുടങ്ങിയവ ലഭ്യമാക്കുന്നു. അധ്യാപിക വായിച്ച് കേൾപ്പിക്കുന്നു. കൂടാതെ കുട്ടികൾക്ക് ഗ്രൂപ്പിൽ വായിക്കാനുള്ള അവസരം നൽകുന്നു. | ജൂൺ മുതൽ | അധ്യാപകർ | |
| | | | | |

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കയാണ്. ഈ അവസ്ഥയ്ക്ക് സമഗ്രവും ശാസ്ത്രീയവുമായ ബദൽ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം, എന്നാഗ്രഹിക്കുന്ന ഓരോരുത്തർക്കും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നത്. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്നും സവിനയം പ്രതീക്ഷിക്കാം.